പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6209

02/04/2018 - ൽ മറുപടിക്ക്

## കൺസ്യൂമർഫെഡിൽ കൺസോളിഡേറ്റഡ് പേയിൽ ജോലി ചെയ്യുന്ന ജീവനക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | കൺസ്യൂമർഫെഡിൽ കൺസോളിഡേറ്റഡ് പേയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനോ, ശമ്പള സ്കെയിൽ അനുവദിയ്ക്കുന്നതിനോ ആലോചനയുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; ഇതുസംബന്ധമായി ഹൈക്കോടതിയിൽ കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര; ഹൈക്കോടതിയിലെ കേസുകൾക്ക് വിധേയമായിട്ടാണോ ഇത് നടപ്പിലാക്കുന്നത്; വിശദമാക്കുമോ; | എ) | കൺസ്യൂമർ ഫെഡറേഷനിൽ വർഷങ്ങളായി കൺസോളിഡേറ്റഡ് പേയിൽ ജോലി ചെയ്തു വരുന്ന ജീവനക്കാർക്ക് സ്കെയിൽ ഓഫ് പേ നിശ്ചയിക്കുന്നതു സംബന്ധിച്ച് ശുപാർശ ശമ്പള കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൺസ്യൂമർ ഫെഡറേഷന്റെ നിയമനങ്ങൾ 2009 ൽ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടിട്ടുണ്ട്. ആയതിനാൽ കൺസോളിഡേറ്റഡ് പേയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയം കൺസ്യൂമർ ഫെഡ് പരിഗണിച്ചിട്ടില്ല. നിലവിൽ കൺസോളിഡേറ്റഡ് പേയിൽ ജോലി ചെയ്തു വരുന്ന 752 ജീവനക്കാരുണ്ട്. ശമ്പള സ്കെയിൽ അനുവദിക്കുന്നതിനെതിരെ ബഹു.ഹൈക്കോടതിയിൽ 3 കേസുകൾ നിലവിലുണ്ട്. ടി കേസുകളിലെ ഉത്തരവിന് വിധേയമായി മാത്രമേ ആയത് നടപ്പിലാക്കുകയുള്ളൂ. |
| ബി) | കൺസ്യൂമർഫെഡിൽ 2011 -ൽ എത്ര പേർക്കാണ് സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ് I, ഗ്രേഡ് II തസ്തികകളിലേക്ക് പ്രൊമോഷൻ നൽകിയിട്ടുള്ളത്; മാനദണ്ഡം വിശദമാക്കുമോ; പ്രൊമോഷൻ ലഭിക്കാത്ത ജീവനക്കാർ എത്രപേരാണ്; പ്രൊമോഷൻ നൽകാത്തതിനുള്ള കാരണം | ബി) | കൺസ്യൂമർ ഫെഡിൽ 2011 ൽ 36 പേർക്ക് സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ് I, 79 പേർക്ക് സെയിൽസ് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. 2006 ൽ സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ച് നൽകിയ ഫീഡർ കാറ്റഗറി റൂൾസ് പ്രകാരമാണ് 2009 മുതൽ പ്രാബല്യം നൽകികൊണ്ട് 2011 ൽ പ്രൊമോഷൻ നടപ്പിലാക്കിയത്. പ്രൊമോഷൻ ലഭിക്കാത്ത |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; | | ജീവനക്കാർ 350 പേരാണ്. പ്രൊമോഷൻ നൽകുന്നതിനാവശ്യമായ തസ്തിക ഫെഡറേഷനിൽ ഇല്ലാത്തതിനാലാണ് ഇവർക്ക് പ്രൊമോഷൻ നൽകാൻ സാധിക്കാത്തത്. കൂടാതെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പ്രൊമോഷൻ നടപ്പിലാക്കുന്നതിന് സ്റ്റാറ്റസ്ക്കോ നിർദ്ദേശമുണ്ട്. |
| സി) | പ്രൊമോഷൻ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് എത്രകേസുകൾ ഹൈക്കോടതിയിൽ നിലവിലുണ്ട്; ഇപ്പോൾ ആർക്കെങ്കിലും പ്രൊമോഷൻ നൽകാൻ ആലോചനയുണ്ടോ; എങ്കിൽ എത്ര പേർക്ക്; വിശദമാക്കാമോ; | സി) | പ്രൊമോഷൻ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് 3 കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുണ്ട്. കൺസ്യൂമർ ഫെഡിൽ ദീർഘകാലമായി പ്രവർത്തിക്കുന്ന ജീവനക്കാരുടെ കേഡർ പ്രൊമോഷൻ, കരിയർ അഡ്വാൻസ്മെന്റ് എന്നിവ സംബന്ധിച്ച ശുപാർശ ശമ്പള കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്. ഫെഡറേഷനിലെ ബിസിനസ്സിന്റെ അടിസ്ഥാനത്തിലാണ് തസ്തികകളുടെ എണ്ണം ക്രമീകരിക്കുന്നത്. ആയതിനാൽ എത്ര പേർക്ക് പ്രൊമോഷന്റെ ആനുകൂല്യം ലഭിക്കുന്നതെന്ന് ഇപ്പോൾ തിട്ടപ്പെടുത്താൻ സാധിക്കുകയില്ല. |
| ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദിവസവേതന ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ എത്ര പേരെ; പകരം ദിവസവേതന അടിസ്ഥാനത്തിൽ ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | ഡി) | കൺസ്യൂമർ ഫെഡറേഷനിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 2272 ജീവനക്കാരെ ആവശ്യമില്ലെന്ന് കണ്ട് ഒഴിവാക്കിയിട്ടുണ്ട്. നിലവിൽ പുതുതായി ദിവസ വേതനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടില്ല. |
| ഇ) | ഹൈക്കോടതിവിധിയനുസരിച്ച് കൺസ്യൂമർഫെഡിൽ പുതിയ ഭരണസമിതി രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | ഇ) | പുതിയ ഭരണ സമിതി രൂപീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ